"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - സുശക്തി സംഘങ്ങൾ/സ്വാശ്രയ കൂട്ടായ്മകൾ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനായി പ്രാഥമിക അംഗങ്ങളെ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.58/2026/SJD                    തീയതി,തിരുവനന്തപുരം, 20-02-2026

---

പരാമർശം:-

1. 18.10.2025-ലെ സ. ഉ. (സാധാ) നമ്പർ. 287/2025/എസ്.ജെ.ഡി ഉത്തരവ്

2. സംസ്ഥാനത്തെ ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 29.12.2025 തീയതിയിലെ കെ. എസ്. എച്ച്. പി. ഡബ്ല്യൂ.സി/533/2024-സി3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും, സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കേരള സംസ്ഥാന ഭിന്നശേഷി ശാക്തീകരണ ദൗത്യം "സുശക്തി"" എന്ന സ്വയം സഹായ സംഘങ്ങൾ / സ്വാശ്രയ കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനും കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി കൊണ്ടും, നിർദിഷ്ട കൂട്ടായ്മയുടെ (സൊസൈറ്റിയുടെ) സംസ്ഥാനതല നിർവ്വഹണ കേന്ദ്രം (രജിസ്റ്റേഡ് ഓഫീസ്) കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ, ഹെഡ് ഓഫീസ്, പൂജപ്പുര, തിരുവനന്തപുരം ആയിരിക്കുമെന്ന് നിശ്ചയിച്ച് കൊണ്ടും പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം 1 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സുശക്തി സംഘങ്ങൾ/സ്വാശ്രയ കൂട്ടായ്മകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി നിർദിഷ്ട കൂട്ടായ്മയുടെ (സൊസൈറ്റിയുടെ) പ്രാഥമിക അംഗങ്ങളെ നിശ്ചയിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ച് പ്രസ്തുത കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം 2 പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭിന്നശേഷി ശാക്തീകരണ ദൗത്യം "സുശക്തി"" എന്ന സ്വയം സഹായ സംഘങ്ങൾ /സ്വാശ്രയ കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനും സുശക്തി സംഘങ്ങൾ / സ്വാശ്രയ കൂട്ടായ്മകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനായി ചുവടെ പറയുന്ന പ്രാഥമിക അംഗങ്ങളെ നിശ്ചയിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്, ഔദ്യോഗിക പദവി |
|---|---|
| 1 | ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി |
| 2 | സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം |
| 3 | സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം |
| 4 | സെക്രട്ടറി, ധനകാര്യ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം |
| 5 | സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം |
| 6 | സെക്രട്ടറി, വനിതാ ശിശുവികസന വകുപ്പ് |
| 7 | ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം |
| 8 | ചെയർപേഴ്സൺ, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം |
| 9 | മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജീവൻ ബാബു കെ ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ,
പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ഓഡിറ്റ് ) കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്,
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jasmine Thomas
Date: 20-02-2026 15:15:17

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി